"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ്- ഉത്രാളിക്കാവ് പൂരം 2025-(ഫെബ്രുവരി 25, തൃശ്ശൂർ)- ധനസഹായം അനുവദിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.87/2025/TSM തീയതി,തിരുവനന്തപുരം, 18-02-2025

---

പരാമർശം:-

1. ബഹു.വടക്കാഞ്ചേരി എം.എൽ.എ ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി ബഹു.വിനോദസഞ്ചാര വകുപ്പ് മന്ത്രി സമക്ഷം സമർപ്പിച്ച 06-01-2025-ലെ കത്ത്.
2. ഉത്രാളിക്കാവ് പൂരം ചീഫ് കോ-ഓർഡിനേറ്റർ , തൃശ്ശൂർ സമർപ്പിച്ച 03.12.2024 ലെ നിവേദനം.
3. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 31-01-2025 തീയതിയിലെ DOT/236/2025-M1 നമ്പർ കത്ത്.

**ഉത്തരവ്**

2025 ഫെബ്രുവരി 25 ന് തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരിയിൽ സംഘടിപ്പിക്കുന്ന ഉത്രാളിക്കാവ് പൂരത്തിന് 10,00,000/- രൂപ ധനസഹായം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടു പരാമർശം (1) പ്രകാരം ബഹു. വടക്കാഞ്ചേരി എം.എൽ.എ ശ്രീ.സേവ്യർ ചിറ്റിലപ്പിള്ളിയുടെ ശിപാർശയോടെ പരാമർശം (2) പ്രകാരം ഉത്രാളിക്കാവ് പൂരം ചീഫ് കോ-ഓർഡിനേറ്റർ അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ, പ്രസ്തുത ആവശ്യത്തിന്, 3452-80-104-98-00-34-03 പിവി-മാർക്കറ്റിംഗ് എന്ന ശീർഷകത്തിൽ നിന്നും പര്യാപ്തമായ തുക അനുവദിക്കാവുന്നതാണെന്ന് പരാമർശം (3) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മധ്യകേരളത്തിലെ ഏറ്റവും പ്രമുഖമായ ക്ഷേത്രോത്സവങ്ങളിൽ ഒന്നായ ഉത്രാളിക്കാവ് പൂരത്തിന്റെ ടൂറിസം പ്രാധാന്യം കണക്കിലെടുത്ത്, 2025 ഫെബ്രുവരി 25 ന് തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരിയിൽ സംഘടിപ്പിച്ച ഉത്രാളിക്കാവ് പൂരത്തിന് 3452-80-104-98-00-34-03 പിവി-മാർക്കറ്റിംഗ് എന്ന ശീർഷകത്തിൽ നിന്നും ₹5,00,000/-(അഞ്ച് ലക്ഷം രൂപ മാത്രം) ധനസഹായം അനുവദിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

3) ധനസഹായമായി അനുവദിച്ച തുകയുടെ ഓഡിറ്റ് ചെയ്ത വിനിയോഗ സർട്ടിഫിക്കറ്റ്, തുക കൈപ്പറ്റിയ തീയതി മുതൽ മൂന്നു മാസത്തിനകം ഉത്രാളിക്കാവ് പൂരം ചീഫ് കോ-ഓർഡിനേറ്റർ വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും, അതിന്റെ ആധികാരികത വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡി.ജഗദീഷ്

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം

ചീഫ് കോ-ഓർഡിനേറ്റർ ഉത്രാളിക്കാവ് പൂരം സെൻട്രൽ കോ-ഓർഡിനേഷൻ കമ്മിറ്റി(വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ, മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് 1 / ഓഡിറ്റ് II ) കേരള,

തിരുവനന്തപുരം

സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം സബ് ട്രഷറി, തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Archana T

Date: 18-02-2025 14:17:47

സെക്ഷൻ ഓഫീസർ

പകർപ്പ്:

1.ബഹു.വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

2.വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്

3.വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്